# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 509 29.01.2019 -ൽ മറുപടിക്ക്

## വ്യവസായ സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. രാജഗോപാലൻ** | **ശ്രീ. ഇ.പി. ജയരാജൻ**<br>**( വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി )** |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | 29 വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് . |
| ബി) | നിലവിൽ കേരളത്തിലുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തന ലാഭം എത്രയെന്ന് വ്യക്തമാക്കാമോ; ഇവയുടെ പുനരുദ്ധാരണത്തിന് എൻ.സി.ഡി.സി. വഴി വായ്പ ലഭ്യമാക്കാൻ കഴിയുമോ; | ബി) | ലഭ്യമായ വിവരമനുസരിച്ച് നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങളിൽ 45 വ്യവസായ സഹകരണ സംഘങ്ങൾ ഏകദേശം 180.85 ലക്ഷം രൂപ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട് എൻ.സി.ഡി.സി വായ്പ ലഭിയ്ക്കുന്നതിനായി ഒരു വ്യക്തമായ പ്രൊജക്റ്റ് പ്രൊപ്പോസൽ ഉണ്ടാകേണ്ടതും ആയതിന് എൻ.സി.ഡി.സി-യുടെ അംഗീകാരം വേണ്ടതുമാണ് പുറമേ സർക്കാർ ഗ്യാരന്റി നിൽക്കുകയും വേണം. ഇതിനു സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്. |
| സി) | കാസർഗോഡ് ജില്ലയിൽ എത്ര സ്ഥാപനങ്ങളാണ് വ്യവസായ സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | ആകെ 105 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ 25 എണ്ണം മാത്രമേ പ്രവർത്തിയ്ക്കുന്നുള്ളു. |

സെക്ഷൻ ഓഫീസർ